LIBRARY ARCHIVES Kerala Legislative Assembly

ഭ്രരഹിതരില്ലാത്ത കേരളം പദ്ധതി

125 (3409) ശ്രീ. എ. എ. അസീസ്

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭ്രരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം നഗരചേരികളിൽ ഭ്രരഹിതരായവരുടെ കാര്യത്തിൽ പ്രത്യേക മുൻഗണന നൽകിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ അവരുടെ പ്രത്യേക സ്ഥിതിയും അടിയന്തര ആവശ്യവും പരിഗണിച്ച് മുൻഗണന നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ഭ്രരഹിതരില്ലാത്ത കേരളം പദ്ധതിയിൽ നഗരചേരികളിലുള്ള ഭ്രരഹിതരുടെ കാര്യത്തിൽ പ്രത്യേക മുൻഗണന നൽകുന്നത് പരിഗണിച്ചിട്ടില്ല.

നഗരമാലിന്യങ്ങൾ നീക്കം ചെയ്യുന്നതിലെ രാഷ്ട്രീയ സാമൂഹ്യ സംഘടനകളുടെ പങ്കാളിത്തം

126 (3410) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :

ശ്രീ. എം. ഉമ്മർ :

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരങ്ങളിൽ കൂന്നുകൂടിയ മാലിന്യം നീക്കം ചെയ്യുന്ന കാര്യത്തിൽ രാഷ്ട്രീയ സാമൂഹ്യസംഘടനകൾ മത്സരബുദ്ധിയോടെ രംഗത്തിറങ്ങിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത നടപടി ജനങ്ങളിൽ ഉണർത്തുന്ന ശുചിത്വ അവബോധം നിലനിർത്താനും മാലിന്യം അലക്ഷ്യമായി പൊതു സ്ഥലങ്ങളിലും ജലസ്രോതസ്സുകളിലും നിക്ഷേപിക്കാതിരിക്കാനും എന്തൊക്കെ സൗകര്യങ്ങൾ തദ്ദേശസ്ഥാപനങ്ങൾ മുഖേന ഏർപ്പാടാക്കി എന്ന് വിശദമാക്കുമോ ;

(സി) മാലിന്യ സംസ്കരണത്തിനായി സ്വന്തം നിലയ്ക്ക് സൗകര്യങ്ങൾ ഏർപ്പെടുത്താൻ കഴിയാതെ സാധാരണക്കാർ, വൃദ്ധജനങ്ങൾ, ചേരി പ്രദേശത്തുള്ളവർ തുടങ്ങിയ വിഭാഗക്കാർ താമസിക്കുന്ന പ്രദേശങ്ങളിൽ നിന്നും എല്ലാവിധ മാലിന്യങ്ങളും ശേഖരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള കൂട്ടമറ്റ സംവിധാനമൊരുക്കാൻ സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സജ്ജമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജനങ്ങളിൽ ശുചിത്വ അവബോധം നിലനിർത്തുന്നതിനും മാലിന്യം അലക്ഷ്യമായി പൊതുസ്ഥലങ്ങളിലും ജലസ്രോതസ്സുകളിലും നിക്ഷേപിക്കാതിരിക്കാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ശുചിത്വ മിഷനും വഴി ബോധവത്ക്കരണ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ആയതിനോടൊപ്പം മാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുക എന്ന ലക്ഷ്യത്തോടെ ഉറവിട മാലിന്യ സംസ്കരണ പദ്ധതിക്ക് പ്രാമുഖ്യം നൽകി തദ്ദേശസ്വയംഭരണ സ്ഥാപനം മുഖേന നടപ്പിലാക്കി വരുന്നു. ആയതിലേയ്ക്കായി ഉയർന്ന തരത്തിലുള്ള സർക്കാർ സബ്സിഡിയും തദ്ദേശസ്വയംഭരണ സ്ഥാപനം മുഖേന വിതരണം ചെയ്തുവരുന്നു. ജൈവ മാലിന്യങ്ങൾ പൊതുജന പങ്കാളിത്തത്തോടെ ഉറവിടത്തിൽത്തന്നെ സംസ്കരിക്കാനും അജൈവ മാലിന്യങ്ങൾ പൊതുശേഖരണ സംവിധാനം ഏർപ്പെടുത്തി പുനഃചംക്രമണം പ്രോത്സാഹിപ്പിക്കാനുമാണ് നടപടി എടുത്തുവരുന്നത്. മാലിന്യ സംസ്കരണ പദ്ധതികൾ തദ്ദേശീയമായിട്ടുള്ള ജനകീയ കമ്മിറ്റിയിലൂടെയോ രാഷ്ട്രീയ പാർട്ടികൾ സംഘടിപ്പിക്കുന്ന ക്യാമ്പെയിനിലൂടെയോ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നടപ്പാക്കാവുന്നതാണ്.

(സി) മാലിന്യ സംസ്കരണം സ്വന്തം നിലയ്ക്ക് ഏർപ്പെടുത്താൻ കഴിയാത്ത സാധാരണക്കാർ, വൃദ്ധജനങ്ങൾ, ചേരിപ്രദേശത്തുള്ളവർ തുടങ്ങിയ വിഭാഗക്കാർ താമസിക്കുന്ന പ്രദേശങ്ങളിൽനിന്നും എല്ലാവിധ മാലിന്യങ്ങളും ശേഖരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള ചുമതലയുള്ളത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിനാണ്. ആയതിലേയ്ക്കായി പൊതു മാലിന്യ സംസ്കരണ പ്ലാന്റുകൾ തദ്ദേശസ്വയംഭരണ സ്ഥാപനം മുഖേന സ്ഥാപിക്കാൻ നടപടി എടുക്കാവുന്നതാണ്. ഇത്തരത്തിൽ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി സമർപ്പിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആയതിനുള്ള അനുമതിയും അർഹമായ സാമ്പത്തിക സഹായവും അനുവദിച്ചുനൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

നഗരപ്രദേശങ്ങളിലെ അനധികൃത അറവുശാലകൾ

127 (3411) ശ്രീ. എ. പ്രദീപ് കുമാർ :

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ :

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly